# “ ഒപ്പം “ പദ്ധതി

## വെറ്ററിനറി യൂണിവേഴ്സിറ്റി 'ഒപ്പം' ഉപജീവനപദ്ധതി: കോളിമൂല ഉന്നതിയിൽ ആട്ടിൻകൂട് വിതരണം

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരഭകത്വ വിജ്ഞാനവ്യാപനവിഭാഗത്തിൻറെ നേതൃത്വത്തിലുള്ള 'ഒപ്പം' ഉപജീവനപദ്ധതിയുടെ ഭാഗമായി മുണ്ടേരി കോളിമൂല ഉന്നതിയിൽ ആട്ടിൻകൂട് വിതരണം നടത്തി. യൂണിവേഴ്സിറ്റി നടത്തിവരുന്ന വിവിധ മൃഗസംരക്ഷണ ഉപജീവനപ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ഇതിൻറെ ഭാഗമായി ആടുകൾക്കുള്ള തീറ്റ വിതരണവും നടത്തി. ചടങ്ങിൽ അസോസിയേറ്റ് ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ. അജിത് കെ എസ്, വാർഡ് കൗൺസിലർ നിഷ C.K, യൂണിവേഴ്സിറ്റി റിസർച്ച് അസിസ്റ്റൻറ് ജിപ്സ ജഗദീഷ്, രമേഷ്, ഷിഹാബ് എന്നിവർ പങ്കെടുത്തു.



